LIBRARY ARCHIVES Kerala Legislative Assembly

ഊരിനൊണർവ് - കാടിനൊണർവ് പദ്ധതി

280 (284) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി വനം വകുപ്പ് 'ഊരിനൊണർവ് - കാടിനൊണർവ്' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കൃഷിരക്ഷാ പദ്ധതി-വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 259 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.
2. 'ഊരിനൊണർവ് - കാടിനൊണർവ് - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വന സൗഹൃദ പദ്ധതി. 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.
3. 'ജലസമൃദ്ധി' - ജല ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.
4. ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥിസേനയെ വാർത്തെടുക്കുന്നപദ്ധതി 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5. കരുവിക്കൊരു കൂട്-സംസ്ഥാന വ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

6. പ്രകൃതി മിത്ര അവാർഡ്-ഓരോ പഞ്ചായത്തിലും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്തുതലത്തിൽ 2000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

7. Budding birders (തുടക്കക്കാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

8. രക്ഷക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

9. തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

10. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീന സൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻതല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്നു. മറ്റ് പദ്ധതികളിൽ കൃഷി രക്ഷാ പദ്ധതി, ഇക്കോ കേഡറ്റ്സ്, കരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചു ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly